"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-കെ.എസ്.ഐ.ഡി.സി-യിൽ പി.എസ്.സി മുഖേനയല്ലാതെ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേക്കുള്ള യോഗ്യതാ മാനദണ്ഡങ്ങൾ- അംഗീകരിച്ചുകൊണ്ട് നേരിട്ടുള്ള നിയമനം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് (KPESRB) വഴി നടത്തുന്നതിന് അനുമതി നൽകികൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ജെ) വകുപ്പ്**

സ.ഉ.(കൈ) നം.31/2025/ID  തീയതി,തിരുവനന്തപുരം, 12-04-2025

---

പരാമർശം:-
1. 04.12.2023-ലെ വ്യവ-H1/233/2023/IND-നം.സർക്കുലർ
2. 08.08.2017-ലെ സ.ഉ.(കൈ) നം.82/2017/IND
3. കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടറുടെ 13.02.2025-ലെ കെ.എസ്.ഐ.ഡി.സി/തിരു./2025/3981 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത വിവിധ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് മുഖേന സ്വീകരിക്കുന്നത് സംബന്ധിച്ച് പരാമർശം -1-ലെ സർക്കുലർ പ്രകാരം പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത എല്ലാ തസ്തികകളിലേക്കും നിയമിക്കുന്നതിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ടമെന്റും) ബോർഡ് മുഖേനയാണ് സ്വീകരിക്കേണ്ടത്. ആയതിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള തസ്തികകൾ പൊതുമേഖലാ സ്ഥാപന മേധാവികൾ വ്യവസായ വകുപ്പിലെ ബന്ധപ്പെട്ട വകുപ്പിന് റിപ്പോർട്ട് ചെയ്യേണ്ടതും തസ്തികയുടെ സർക്കാർ അംഗീകാരം ഉറപ്പ് വരുത്തിയ ശേഷം 2023-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചട്ടങ്ങളിലെ,
ചട്ടം 3(2) ലെ വ്യവസ്ഥ പ്രകാരം ഒഴിവുകൾ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിൽ നിലവിൽ സ്റ്റാഫ് കാറ്റഗറിയിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേനയും എക്സിക്യൂട്ടീവ് കാറ്റഗറിയിലുള്ള നിയമനങ്ങൾ ബോർഡ് അംഗീകരിച്ചിട്ടുള്ള റിക്രൂട്ട്മെന്റ് ആന്റ് പ്രൊമോഷൻ പോളിസി പ്രകാരവുമാണ് നടന്നുവരുന്നത്. കെ.എസ്.ഐ.ഡി.സി ജീവനക്കാർക്ക് ഒൻപതാമത് ശമ്പള പരിഷ്കരണം നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശം-2 ലെ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ്

കാറ്റഗറിയിലെ അംഗീകൃത തസ്തികകൾ ചുവടെ കൊടുത്തിരിക്കും പ്രകാരമാണ്.

1. എക്സിക്യൂട്ടീവ് ഡയറക്ടർ - 1
2. ജനറൽ മാനേജർ - 3
3. ഡെപ്യൂട്ടി ജനറൽ മാനേജർ - 7
4. അസിസ്റ്റന്റ് ജനറൽ മാനേജർ - 9
5. മാനേജർ - 11
6. ഡെപ്യൂട്ടി മാനേജർ - 10
7. അസിസ്റ്റന്റ് മാനേജർ - 4

**ആകെ** - **45**

അസിസ്റ്റന്റ് മാനേജർ കാറ്റഗറിയിൽ നേരിട്ട് നിയമനത്തിനായി കെ.എസ്.ഐ.ഡി.സി റിക്രൂട്ട്മെന്റ് ആൻഡ് പ്രൊമോഷൻ പോളിസി വ്യവസ്ഥ ചെയ്തിരുന്ന മാനദണ്ഡങ്ങൾ ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്യുവാൻ
കെ.എസ്.ഐ.ഡി.സി -യുടെ 340-ാമത് ഡയറക്ടർ ബോർഡ് ഔദ്യോഗിക അംഗീകാരം നൽകുകയുണ്ടായി.

| Item | Existing Norm | Revised Proposal |
|---|---|---|
| Educational Qualification | • First Class Degree in Engineering + First Class MBA<br>•<br>• First Class Degree + First class MBA/PGDM/CFA/MBA (Finance)/ Masters in Finance/ MCA from institutions of repute.<br>• CA/AICWA<br>• ACS<br>• First Class degree + | • The qualifications for the Assistant Manager (AM) position will depend on the specific domain or division. The required qualifications may include any of the following:<br>• First Class Degree in Engineering + First Class MBA<br>• First Class Degree + First Class MBA/PGDM/CFA/MBA, (Finance)/Masters in Finance/MCA from reputed institutions<br>• CA/AICWA<br>• ACS<br>• First Class Degree + First Class |

| | | |
|---|---|---|
| | First Class degree in Law or First Class 5-year LLB degree | Degree in Law, or 5-year LLB Degree<br><br>For SC/ ST candidates '50% or more marks' shall be substituted for 'First Class'. The exact qualifications will be determined based on the specific needs of the domain or Department for the AM role. |
| Experience | 2 - 3 years experience in relevant field | 2 years of post-qualification experience in the relevant field |
| Age | Not more than 28 years.<br><br>For persons holding Post Graduate Degree or higher experience, the age limit can be relaxed up to 2 years. | • Not more than 32 years as on last date of the job notification<br><br>As per the Government Policy on Reservations for reserved category<br><br>a. SC/ST candidates will be eligible for age relaxation up to 37 years (5 years relaxation beyond the general age limit of 32 years)<br><br>b. OBC candidates will be eligible for age relaxation up to 35 years (3 years age relaxation beyond the general age limit of 32 years) |

ആയത് സർക്കാർ അംഗീകരിച്ച് ഉത്തരവാകണമെന്ന് കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ.എസ്.ഐ.ഡി.സി.യിൽ പി.എസ്.സി മുഖേനയല്ലാതെ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്കും പ്രമോഷൻ വഴി നിയമനം നൽകുന്ന തസ്തികകളിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്ന യോഗ്യതാ മാനദണ്ഡങ്ങൾ, അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

4) പി. എസ്. സി മുഖേനയല്ലാതെ KPESRB ലേയ്ക്ക് നേരിട്ടുള്ള നിയമനം ഭാവിയിൽ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് (KPESRB) മുഖേന മാത്രം നടത്തുന്നതിന് KSIDC – ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) KSIDC – യിൽ നിലവിൽ ബോർഡ് സബ് കമ്മിറ്റിയായുള്ള ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന തസ്തികയിലേക്കുള്ള പ്രമോഷൻ നിയമനങ്ങൾക്ക് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചട്ടങ്ങളിലെ ചട്ടം 3(3) –ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റി KSIDC – ക്ക് ബാധകമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡിലൻ ടോം പി. എം. കെ.എ.എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ,വ്യവസായ-വാണിജ്യ വകുപ്പ്
മാനേജിംഗ് ഡയറക്ടർ,കെ.എസ്.ഐ.ഡി.സി
സെക്രട്ടറി,കേരള പബ്ലിക് എന്റർപ്രൈസെസ്(സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്-II),കേരള, തിരുവനന്തപുരം
ഐ&പി.ആർ.ഡി(വെബ് & ന്യൂ മീഡിയ)
വ്യവസായ(എച്ച്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ സി.എ-യ്ക്ക്

| Item | Existing Norm | Revised Qualification |
| --- | --- | --- |
| **Educational Qualification** | • First Class Degree in Engineering + First Class MBA<br>• First Class Degree + First class MBA/PGDM/CFA/MBA (Finance) Masters in Finance MCA from institutions of repute.<br>• CA/AICWA<br>• ACS<br>First Class degree + First Class degree in Law or First Class 5- year LLB degree | • The qualifications for the Assistant Manager (AM) position will depend on the specific domain or division. The required qualifications may include any of the following:<br>• First Class Degree in Engineering + First Class MBA<br>• First Class Degree + First Class MBA/PGDM/CFA/MBP, (Finance)/Master's in Finance/MCA from reputed institutions<br>• CA/AICWA<br>• ACS<br>• First Class Degree + First Class Degree in Law, or 5-year LLB Degree<br>For SC/ ST candidates '50% or more marks' shall be substituted for 'First Class'. The exact qualifications will be determined based on the specific needs of the domain or Department for the AM role. |
| **Experience** | 2 - 3 years exp. in relevant field | 2 years of post-qualification experience in the relevant field |
| **Age** | Not more than 28 years.<br><br>For persons holding Post Graduate Degree or higher experience, the age limit can be relaxed up to 2 years.<br><br>In the case of SC / ST candidates, there will be further relaxation of 3 years | ➢ Not more than 32 years as on last date of the job notification<br><br>As per the Government Policy on Reservations for reserved category<br>a) SC/ST candidates will be eligible for -age relaxation up to 37 years (5 years relaxation beyond the general age limit of 32 years)<br>b) OBC candidates will be eligible for age relaxation up to 35 years (3 years age relaxation beyond the general age limit of 32 years) |

| | | |
|---|---|---|
| | and the requirement of First Class at the Degree level shall be relaxed. | |
| **Deputy Manager** | AM's who have completed 3 years of satisfactory service as AM will be considered for promotion as Deputy Managers. | |
| **Manager** | DM's who have put in 5 years of service as DM are eligible for consideration for Promotion to the post of Managers. A total experience of 8 years as DM/AM could also make a person eligible for promotion | |
| **AGM** | Managers who have put in at least 5 years of satisfactory service as Manager are eligible for consideration for promotion to the post of AGM. Managers having total experience of 13 years in the posts of Mgr/DM/AM would also be considered eligible for promotion | |
| **DGM** | AGM’s who have put in 7 years of satisfactory service as AGM or 12 years as AGM/Mgr or 20 years as AGM/ Mgr./DM/AM are eligible for consideration for promotion to the post of DGM | |
| **GM** | Candidates who have degree plus Post Graduate Diploma in Management/CA/AICWAT/FCS/CFA/MCA (from reputed Institutions) with at least 15 years experience of working in Industry, Finance, IT or any related sector. The post will be filled up only through direct recruitment by open selection through transparent process. | |
| **ED** | Candidates who have degree plus Post Graduate Diploma in Management/CA/AICWAI/CFA/MCA (from reputed Institutions) with at least 20 years experience of working in Industry, Finance, IT or any related sector. The post will be filled up only through direct recruitment by Open selection through transparent process. | |
| **Department Promotion Committee** | Promotion Committee comprising of a member of Board of Directors of KSIDC, two outside experts of professional standing and MD, KSIDC | Promotion Committee comprising of a member of Board of Directors of KSIDC, one outside experts of professional standing, Representative from KPSERB, GM/ED-KSIDC & MD-KSIDC |